## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:22-07-2024**

### പ്രധാനവാർത്തകൾ

1). **പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് തുടക്കമായി; ധനമന്ത്രി നിർമല സീതാരാമൻ സാമ്പത്തിക സർവേ റിപ്പോർട്ട് ലോക്സഭയുടെ മേശപ്പുറത്തു വച്ചു. കേന്ദ്ര ബജറ്റ് നാളെ.**

2.) **അടുത്ത അഞ്ച് വർഷത്തേക്കുള്ള രാജ്യത്തിന്റെ ദിശാ സൂചികയാണ് ഈ ബജറ്റെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**

3.) **സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതം; തിരുവനന്തപുരം, പാലക്കാട് ജില്ലകളിലുള്ളവരും സമ്പർക്ക പട്ടികയിലുണ്ടെന്ന് ആരോഗ്യമന്ത്രി.**

4.) **കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശിക്കായുള്ള തിരച്ചിൽ പുരോഗമിക്കുന്നു.**

5.) **ഏഷ്യാ കപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ; ശ്രീലങ്ക - മലേഷ്യയെയും , ബംഗ്ലാദേശ് തായ് ലന്റിനെയും നേരിടും.**

*************************************************************************************************

RNU TVPM

## പാർലമെന്റ്

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിന് തുടക്കമായി. കേന്ദ്ര ബജറ്റിന് മുന്നോടിയായി 2023-2024 വർഷത്തെ സാമ്പത്തിക സർവേ റിപ്പോർട്ട് ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയുടെ മേശപ്പുറത്തു വച്ചു. നാളെയാണ് കേന്ദ്ര ബജറ്റ്. ദേശീയ പരീക്ഷാ ഏജൻസിയുടെ പരിഷ്കരണം സംബന്ധിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വിതരണം ചെയ്ത ഫണ്ടുകൾ സംബന്ധിച്ചും അംഗങ്ങളുടെ ചോദ്യങ്ങൾക്ക് കേന്ദ്രമന്ത്രിമാർ ലോക്സഭയിൽ  മറുപടി നൽകി. അടുത്ത മാസം 12 വരെയാണ് പാർലമെന്റ് സമ്മേളിക്കുക. സമ്മേളന കാലയളവിൽ, ആറ് പുതിയ ബില്ലുകൾ കേന്ദ്ര സർക്കാർ അവതരിപ്പിക്കും.

*************************************************************************************************

## സാമ്പത്തിക സർവേ

ഇന്ത്യ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായി തുടരുകയാണെന്ന് വ്യക്തമാക്കി 2023-2024 വർഷത്തെ സാമ്പത്തിക സർവേ റിപ്പോർട്ട്. മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ.വി.അനന്ത നാഗേശ്വരൻറെ മേൽനോട്ടത്തിൽ ധനമന്ത്രാലയത്തിലെ സാമ്പത്തിക കാര്യ വകുപ്പാണ് രേഖ തയാറാക്കിയത്. സമ്പദ്‌വ്യവസ്ഥയെക്കുറിച്ചുള്ള റിപ്പോർട്ട് കാർഡ്, വരാനിരിക്കുന്ന വളർച്ചാ വീക്ഷണം, സമ്പദ്‌വ്യവസ്ഥയുടെ തൽസ്ഥിതി, നയപരമായ വെല്ലുവിളികൾ എന്നിവയുടെ വിശദമായ വിവരങ്ങളാണ് സർവേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.  സമ്പദ്‌വ്യവസ്ഥയുടെ വിവിധ മേഖലകളെക്കുറിച്ചുള്ള സ്ഥിതി-വിവര കണക്കുകളും വിശകലനങ്ങളും, തൊഴിൽ, ജി.ഡി.പി വളർച്ച, പണപ്പെരുപ്പം, ബജറ്റ് കമ്മി എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും സാമ്പത്തിക സർവേയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

*************************************************************************************************

RIU TVPM

**<u>പ്രധാനമന്ത്രി ( ഇൻട്രോ )</u>**

നാളെ പാർലമെന്റിൽ അവതരിപ്പിക്കുന്ന ബജറ്റ്, അടുത്ത അഞ്ച് വർഷത്തേക്കുള്ള രാജ്യത്തിന്റെ ദിശാ സൂചികയാകുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വികസിത ഭാരതമെന്ന കേന്ദ്ര സർക്കാർ ദൗത്യത്തിന്റെ ശക്തമായ അടിത്തറയായി ബജറ്റ് മാറുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി പാർലമെന്റിനു പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

( പി.എം വോയിസ്......... )

വരും വർഷങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ, കക്ഷി ഭേദമന്യേ രാജ്യത്തിനായി സ്വയം സമർപ്പിക്കണമെന്ന് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. കർഷകരുടെയും യുവാക്കളുടെയും രാജ്യത്തിൻ്റെയും ശാക്തീകരണത്തിൽ എല്ലാവരും പങ്കാളികളാകണമെന്നും ശ്രീ മോദി പറഞ്ഞു.

*******************************************************************************************************

**<u>സിഖ് ഫോർ ജസ്റ്റിസ്</u>**

'സിഖ് ഫോർ ജസ്റ്റിസ്' സംഘടനയിൽ നിന്നെന്ന പേരിൽ ഭീഷണി ഫോൺ കോൾ വന്നതുമായി ബന്ധപ്പെട്ട് രാജ്യസഭാ എം പി വി ശിവദാസൻ രാജ്യസഭാ ചെയർമാൻ ജഗ്ദീപ് ധൻഖറിന് കത്തയച്ചു. തനിക്കും, എം പിയായ എ എ റഹീമിനും പാർലമെൻറ് അക്രമിക്കപ്പെടും എന്ന തരത്തിലുള്ള ഭീഷണി സന്ദേശം ലഭിച്ചെന്ന വിവരമാണ് രാജ്യസഭാ ചെയർമാനെ അറിയിച്ചത്. ഇതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി നൽകിയിട്ടുണ്ടെന്നും ശ്രീ ശിവദാസൻ കത്തിൽ അറിയിച്ചു.

*******************************************************************************************************

**<u>നിപ കേരളം</u>**

സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതം. നിപ ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളജിൽ ചികിത്സയിലായിരുന്ന മലപ്പുറം സ്വദേശിയായ കുട്ടി മരിച്ചതിനെ

RNU TVPM

തുടർന്ന് പ്രതിരോധ നടപടികളിൽ സംസ്ഥാനത്തെ പിന്തുണയ്ക്കുന്നതിനായി ICMR ൻറെ ആറംഗ വിദഗ്ധ സംഘം കോഴിക്കോട്ടെത്തി. കുട്ടിയുമായി സമ്പർക്കത്തിൽ വന്നവരുടെ സ്രവ പരിശോധനയ്ക്കായി പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള മൊബൈൽ ലാബും ഇന്നെത്തും.

****************************************************************************************************

**<u>നിപ - ആരോഗ്യമന്ത്രി</u>**

തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ ഉള്ളവരും നിപ സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ആരോഗ്യമന്ത്രി. ആകെ 350 പേരാണ് സമ്പർക്ക പട്ടികയിലുള്ളത്. ഹൈ റിസ്ക് വിഭാഗത്തിൽ 101 പേരാണുള്ളത്. തിരുവനന്തപുരത്ത് നാല് പേരും പാലക്കാട് രണ്ടു പേരും സമ്പർക്ക പട്ടികയിലുണ്ട്. കുട്ടിയുടെ മാതാപിതാക്കളുടെ ഉൾപ്പെടെ ഇന്നും സ്രവ സാമ്പിളുകൾ പരിശോധിക്കുമെന്ന് മന്ത്രി അറിയിച്ചു.

****************************************************************************************************

**<u>പാലക്കാട് - വിലയിരുത്തി</u>**

PNU TVPM

അയൽ ജില്ലയായ മലപ്പുറത്ത് നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ പാലക്കാട് ജില്ലയിൽ സുരക്ഷാ മുൻകരുതലുകൾ ശക്തമാക്കി. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ദുരന്ത നിവാരണ അതോറിറ്റി പ്രതിരോധ നടപടികൾ വിലയിരുത്തി. മലപ്പുറം ജില്ലയോട് ചേർന്ന് കിടക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ബോധവത്കരണവും ജാഗ്രത നിർദ്ദേശവും നൽകുമെന്ന് ജില്ല പഞ്ചായത്ത് പ്രസിഡൻ്റ് അറിയിച്ചു.

****************************************************************************************************

**<u>മൻ കി ബാത്</u>**

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത് ഈ മാസം 28ന്. മൻ കി ബാത്തിന്റെ 112 - ആം പതിപ്പാണിത്. പൊതുജനങ്ങൾക്ക്

പരിപാടിയെ കുറിച്ചുള്ള അഭിപ്രായങ്ങളും ആശയങ്ങളും MyGov, NaMo ആപ്പ് വഴിയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലും വെള്ളിയാഴ്ച വരെ അറിയിക്കാവുന്നതാണ്.

*********************************************************************************************************

**കർണ്ണാടക മണ്ണിടിച്ചിൽ-അർജുൻ**

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനെ കണ്ടെത്താനായി കരസേനയുടെ നേതൃത്വത്തിൽ തിരച്ചിൽ പുരോഗമിക്കുന്നു. മോശം കാലാവസ്ഥയും, കനത്ത മഴയും രക്ഷാ ദൗത്യം സങ്കീർണ്ണമാക്കിയിരിക്കുകയാണ്. വിദഗ്ധരുടെ നേതൃത്വത്തിൽ ഗംഗാവാലി നദിയിൽ ഉൾപ്പെടെയാണ് ഇപ്പോൾ തിരച്ചിൽ നടക്കുന്നത്.

*********************************************************************************************************

**സുപ്രീംകോടതി - ഹർജി**

ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുന് വേണ്ടിയുള്ള തിരച്ചിൽ വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി സുപ്രീംകോടതി ഇന്ന് പരിഗണിക്കും. അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് അഡ്വ. സുഭാഷ് ചന്ദ്രനാണ് ഹർജി നൽകിയത്. ദൗത്യം സൈന്യത്തെ ഏൽപ്പിച്ച് രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കാൻ കേന്ദ്രത്തിനും കർണാടക സർക്കാരിനും നിർദേശം നൽകണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

*********************************************************************************************************

**എം.കെ രാഘവൻ എം.പി**

അർജുനായുള്ള രക്ഷാ ദൗത്യം തുടരുന്ന സാഹചര്യത്തിൽ അംഗോളയിലെ ഷിരൂരിൽ മണ്ണിടിച്ചിലുണ്ടായ സ്ഥലത്ത് എം കെ രാഘവൻ എം പിയുടെ നേതൃത്വത്തിലുള്ള സംഘം ക്യാംപ് ചെയ്യുകയാണ്. കാണാതായ കോഴിക്കോട് സ്വദേശിയുടെ ബന്ധുക്കളും പ്രദേശത്ത് തുടരുന്നു. രക്ഷാപ്രവർത്തനത്തിനായി

RIU TVPM

കോഴിക്കോട് ജില്ലയിൽ നിന്നും സന്നദ്ധ പ്രവർത്തകരും ഷിരൂരിലേക്ക് പുറപ്പെട്ടിട്ടുണ്ട്.

****************************************************************************************************

**വനിതാ ട്വൻറി-20**

ശ്രീലങ്കയിൽ നടക്കുന്ന ഏഷ്യാകപ്പ് വനിതാ ട്വൻറി - 20 ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചക്ക് രണ്ടിന്, ശ്രീലങ്ക മലേഷ്യയുമായും വൈകിട്ട് ഏഴിന് ബംഗ്ലാദേശ് തായ് ലൻറുമായും ഏറ്റുമുട്ടും. ഇന്ത്യ - നേപ്പാൾ മത്സരം നാളെ രാത്രി 7 മണിക്ക് നടക്കും.

****************************************************************************************************

**ആലപ്പുഴ - (ഇൻട്രോ)**

അടുത്ത മാസം 10-ന് നടക്കുന്ന നെഹ്രു ട്രോഫി വള്ളംകളിക്കുള്ള തയ്യറെടുപ്പുകൾ പുരോഗമിക്കുന്നു. എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിലെ രണ്ടാം ശനിയാഴ്ചയാണ് ആലപ്പുഴയിലെ പുന്നമട കായലിൽ നെഹ്റു ട്രോഫി വള്ളം കളി സംഘടിപ്പിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി

ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ............

(വോയിസ്........)

RNU TVPM

****************************************************************************************************

**വള്ളം കളി മത്സരം**

70-ാമത് നെഹ്രു ട്രോഫി വള്ളംകളിക്ക് മുന്നോടിയായി സ്റ്റാർട്ടിംഗ് ഡിവൈസിന്റെയും ട്രാക്കിന്റെയും പന്തലിന്റെയും നിർമാണത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. ഇതിനോടനുബന്ധിച്ച് ആലപ്പുഴ പുന്നമട സ്റ്റാർട്ടിംഗ് പോയിന്റ് മുതൽ ഫിനിഷിംഗ് പോയിന്റ് വരെ ഹൗസ് ബോട്ടുകൾ നിർത്തിയിടരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ന് മുതൽ ഓഗസ്റ്റ് 11-ന് വൈകിട്ട് ആറ് മണി വരെയാണ് ഹൗസ് ബോട്ടുകൾ മാറ്റി പാർക്ക് ചെയ്യണമെന്ന് അറിയിച്ചത്.

****************************************************************************************************

**<u>സംസ്ഥാനം - കാലാവസ്ഥ</u>**

സംസ്ഥാനത്ത് വ്യാഴാഴ്ച വരെ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് രാവിലെ മുതൽ തെക്കൻ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയും ശക്തമായ കാറ്റും അനുഭവപ്പെട്ടു. വടക്കൻ ജില്ലകളിലും മഴയ്ക്ക് സാധ്യതയുണ്ട്. വ്യാഴാഴ്ച വരെ കർണാടക തീരത്ത് മത്സ്യബന്ധനം വിലക്കി.

****************************************************************************************************

**<u>മഴമാപിനി - വയനാട്</u>**

രാജ്യത്തെ ആദ്യ മഴമാപിനി വെബ്സൈറ്റ് ഒരുക്കി വയനാട് ജില്ല. കളക്ടറേറ്റിലുൾപ്പെടെ വിവിധ സ്ഥലങ്ങളിൽ

സ്ഥാപിച്ച ഇരുനൂറിലധികം മഴമാപിനികളിൽ നിന്ന് ദൈനംദിനംശേഖരിക്കുന്ന വിവരങ്ങളാണ് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ 'ഡി. എം. സ്യൂട്ട്' വെബ്സൈറ്റിലും മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമാകുന്നത്. വ്യത്യസ്ത ഭൂഘടനയനുസരിച്ച് മഴയുടെ വ്യത്യാസം നിരീക്ഷിക്കാനും സൂക്ഷ്മ കാലാവസ്ഥാ സ്വഭാവം തിരിച്ചറിയാനും മഴമാപിനി നിരീക്ഷണത്തിലൂടെ സാധിക്കും.

RNU TVPM

****************************************************************************************************

**<u>ഇടുക്കി - പ്രതിഷേധ റാലി</u>**

ഇടുക്കി ചിന്നക്കനാലിൽ കാട്ടാന ആക്രമണത്തിൽ ആദിവാസി യുവാവ് മരിച്ച സംഭവത്തിൽ പ്രദേശവാസികൾ പ്രതിഷേധറാലി നടത്തി. വനം വകുപ്പ് ഓഫീസിന് മുന്നിലാണ് പ്രതിഷേധം. ടാങ്ക് കുടി സ്വദേശി കണ്ണൻ ആണ് ഇന്നലെ മരിച്ചത്. ഇടുക്കിയിൽ ഈ വർഷം ഇതുവരെ ആറു പേരാണ് കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടത്.

****************************************************************************************************

## ഇ-സ്റ്റാമ്പിങ്ങ്

അടുത്ത മാസം ഒന്ന് മുതൽ സംസ്ഥാനത്തെ രജിസ്ട്രേഷൻ നടപടികൾ സമ്പൂർണ്ണമായി ഇ- സ്റ്റാമ്പിങ് സംവിധാനത്തിലേക്ക് മാറുന്നു. ഈ മാസം 25 മുതൽ തിരഞ്ഞെടുത്ത സബ് റെജിസ്ട്രർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ സംവിധാനം നടപ്പിലാക്കും. സംസ്ഥാന രജിസ്ട്രേഷൻ വകുപ്പിൻറെ PEARL ആപ്പിലൂടെ രജിസ്റ്റർ ചെയ്ത ശേഷം ലഭിക്കുന്ന ടോക്കണുമായി ചെല്ലുന്നവർക്ക് വെണ്ടർമാരിൽ നിന്നും ഇ സ്റ്റാമ്പ് ലഭിക്കും. ഒരുലക്ഷം രൂപ വരെയുള്ള പ്രമാണങ്ങൾക്ക് ഇ - സ്റ്റാമ്പ് സംവിധാനം പ്രയോജനപ്പെടുത്താം.

RNU TVPM

******************
********************************
**************************************************************************************************************